

മെയ് 2026

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം,

ആഗോള തൊഴിലാളി ദിനമാണല്ലോ മെയ് ഒന്ന്. സാധാരണ ജനങ്ങളുടെ പ്രതിനിധികളായ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ഉയർത്തിക്കാട്ടുന്ന ദിനമാണിത്. ആധിപത്യത്തിന്റെ ശ്രേണി ബദ്ധതയിലല്ല പ്രത്യുത സ്നേഹത്തിലും കരുതലിലുമാണ് മനുഷ്യ പ്രവർത്തികളുടെ പൂർണ്ണ സാദ്ധ്യതകൾ വെളിവാകുന്നത് എന്ന തിരിച്ചറിവുണ്ടാകുമ്പോൾ മാത്രമേ സാധാരണ തൊഴിലാളികളെ അംഗീകരിക്കുവാനും കരുതുവാനും ഏവർക്കും കഴിയുകയുള്ളു. പൊരുതി നേടിയ തൊഴിലാളി അവകാശങ്ങൾ നില നിർത്തുന്നതോടൊപ്പം തങ്ങളുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചുള്ള ബോധ്യങ്ങളും തൊഴിലാളി പ്രസ്ഥാനങ്ങൾ ഗൗരവത്തിൽ എടുക്കേണം.

കേരളവും ബംഗാളും തമിഴ്നാടും ആസ്സാമും പുതുച്ചേരിയും അസംബ്ലി തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഫലത്തിനായി കാത്തിരിക്കുന്നു. തെരഞ്ഞെടുപ്പ് പ്രക്രിയ സമാധാനപരമായി നടത്തുവാൻ സഹകരിച്ച രാഷ്ട്രീയ പ്രവർത്തകരെയും ഉദ്യോഗസ്ഥരെയും അഭിനന്ദിക്കുന്നു. ഏതു കക്ഷികൾ തെരെഞ്ഞെടുക്കപ്പെട്ടാലും ഭരണഘടനയുടെ പ്രഖ്യാപിത മൂല്യങ്ങളായ മതേതരത്വം, ജനാധിപത്യം, നീതിബോധം എന്നിവ സംരക്ഷിക്കുവാൻ എല്ലാവരും ബാധ്യസ്ഥരാണെന്നുള്ള തത്വം മനസ്സിലാക്കിയിരുന്നെങ്കിൽ എന്നാശിക്കുന്നു. ഭാവി ഭരണകൂടങ്ങളുടെ സ്വഭാവം നിർണ്ണയിക്കുന്നത് ഭരണപരമായ കാര്യക്ഷമതയിലൂടെയോ സാമ്പത്തിക വളർച്ചയിലൂടെയോ മാത്രമല്ല, മറിച്ച്, ഒരു സമൂഹത്തിന്റെ നീതിബോധം, ഉൾക്കൊള്ളൽ, മനുഷ്യകേന്ദ്രീകൃതസമീപനം, പരിസ്ഥിതി ഉത്തരവാദിത്തം എന്നിവയുടെ സമന്വയത്തിലൂടെയാണ് എന്നത് നാമോർക്കേണ്ടതാണ്. ക്ഷേമരാജ്യത്തിന്റെ ദർശനം, സൽഭരണതത്വങ്ങൾ, ജെൻഡർ നീതി, ഉൾക്കൊള്ളുന്ന വികസനം, സുസ്ഥിരത എന്നിവയെ ഏകോപിപ്പിക്കുന്ന സമഗ്ര ഭരണരീതിയാണ് ഇന്ന് ആവശ്യം.

മധ്യപൂർവേഷ്യയിൽ നടക്കുന്ന യുദ്ധത്തിന് ശമനമില്ലാതെ നീളുകയാണ്. വൻതോതിൽ എണ്ണയും ചരക്കുനീക്കവും നടക്കുന്ന ഹോർമൂസ് കടലിടുക്ക് അടച്ചത് ലോകത്തെയാകെ സമ്മർദ്ദത്തിലാക്കുകയാണ്. വലിയ എണ്ണനിക്ഷേപം കൈവശമുള്ള അമേരിക്കയെ ഇത് നേരിട്ട് ബാധിക്കുന്നില്ലെങ്കിലും ആഗോളതലത്തിൽ വലിയൊരു പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. വ്യാപാര മേഖലകളെയും സാമ്പത്തികരംഗത്തെയും ഇത് ഗുരുതരമായി ബാധിച്ചിരിക്കുന്നു. കുക്കിംഗ് ഗ്യാസിന്റെ ലഭ്യതയിലുണ്ടായ ഗണ്യമായ കുറവ് നമ്മുടെ ഭവനങ്ങളേയും ഹോട്ടൽ മുതലായ വ്യവസായങ്ങളേയും സാരമായി പ്രയാസത്തിലാക്കി. ഇത് കൂടാതെയാണ് ഗൾഫ് രാജ്യങ്ങൾക്കെതിരായി നടക്കുന്ന ആക്രമണങ്ങൾ. ഇത് മിഡിൽ ഈസ്റ്റിനെയാകെ വല്ലാത്ത അവസ്ഥയിലേക്കാണ് നയിച്ചിരിക്കുന്നത്. ഇറാനും ഇസ്രയേലും അമേരിക്കയും നടത്തുന്ന ആക്രമങ്ങൾ അവർക്ക് തന്നെയും ആ പ്രദേശത്തും വലിയ നാശനഷ്ടങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത്. മധ്യപൂർവേഷ്യയിലും ലോകത്താകമാനവും സമാധാനം പുനഃസ്ഥാപിക്കപ്പെടുവാൻ നാം മുട്ടിപ്പായി പ്രാർത്ഥിക്കണം.

ലോകസഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം നൽകുന്നതിനുള്ള ഭേദഗതി ബില്ല് ലോകസഭയിൽ അവതരിപ്പിച്ചത് വലിയ തർക്കത്തിനിടയാക്കിയല്ലോ. പരിധി നിർണയ പ്രക്രിയയുടെ ഭാഗമായി ലോകസഭയിലെയും നിയമസഭകളിലെയും ആകെ സീറ്റുകളുടെ എണ്ണം 50 ശതമാനം വർദ്ധിപ്പിക്കുവാനും ഇതിനോടൊപ്പം പ്ലാൻ ചെയ്തിരുന്നു. എന്നാൽ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിന്റെ അഭാവത്തിൽ ഈ ബില്ല് ലോകസഭയിൽ പരാജയപ്പെട്ടു. 18 മണിക്കൂർ നീണ്ട ചർച്ചയ്ക്ക് ഒടുവിലാണ് ബിൽ ലോകസഭയിൽ വോട്ടിനിട്ടത്. രാഷ്ട്രീയ നേട്ടങ്ങൾക്കും ക്രെഡിറ്റുകൾക്കും ഉപരിയായി രാജ്യത്തിന്റെ ഭാവിക്കായി വനിതകളെ ശക്തിയിരിക്കുന്ന ഒരു ബില്ലായി ഭരണകക്ഷി ഇതിനെ കണ്ടപ്പോൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ലോക്സഭാ, അസംബ്ലികൾ എന്നിവയിലെ അംഗസംഖ്യ ഉയർത്തി കൊണ്ടുവരുവാൻ ഭരണ

കക്ഷി കണ്ടു പിടിച്ച ഒരു തന്ത്രമായി പ്രതിപക്ഷം ഇതിനെ വിലയിരുത്തി. എന്തായാലും പല നിയമങ്ങളും ലിംഗനീതിയുടെയും ദാരിദ്ര്യ നിർമാർജനത്തിന്റെയും പേരിൽ പ്രത്യക്ഷമാകുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. യഥാർത്ഥത്തിൽ ആർക്കുവേണ്ടി ഈ നിയമനിർമ്മാണങ്ങൾ നടത്തുന്നുവോ അവർ അതിന്റെ വെറും ഇരകളായി മാറുന്നുവോ എന്ന സംശയം പൊതുജന സമക്ഷം ഉണ്ട്.

ഇന്ത്യയിലെ സർവകലാശാലകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജാതിയുടെ പേരിലുള്ള വിവേചനം ഇന്നും നിലനിൽക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ക്യാമ്പസ് ജീവിതത്തിലെ വിവേചനങ്ങളിൽ മനംനൊന്ത് ആത്മഹത്യ ചെയ്ത ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ രോഹിത് വെമൂല മുതൽ കേരളത്തിൽ അഞ്ചരക്കണ്ടി ഡെന്റൽ കോളേജിലെ ബി. ഡി. എസ്. വിദ്യാർത്ഥി നിതിൻ രാജ് വരെയുള്ളവർ അറിവിന്റെ ഇടനാഴികളിൽ നടക്കുന്ന അദൃശ്യമായ വംശഹത്യയെ ഉയർത്തിക്കാണിക്കുന്നു. ഉപാധികൾ ഇല്ലാത്ത സൗഹൃദങ്ങളുടെ ഇടമാകേണ്ട ക്യാമ്പസുകൾ ജാതി വിവേചനത്തിന്റെയും അപരവൽക്കരണത്തിന്റെയും ഇടങ്ങളായി മാറുന്നത് ഏറെ ദുഃഖകരമാണ്. വിദ്യാഭ്യാസം വിമോചനത്തിനുള്ള വഴിയാണെന്ന് ബാബാസാഹിബ് അംബേദ്കർ പഠിപ്പിച്ചു എങ്കിൽ ഇന്ന് ഇന്ത്യയിലെ ക്യാമ്പസുകൾ തീവ്രമായ പ്രത്യയശാസ്ത്ര പോരാട്ടങ്ങളുടെയും ഭരണകൂട ഇടപെടലുകളുടെയും പരീക്ഷണശാലകളായി മാറുന്നു. അറിവ് ജനാധിപത്യത്തിന്റെ ആണിക്കല്ലാണെന്നും സ്വതന്ത്രമായി അറിവിനെ സാംശീകരിക്കുന്നത് ഒരു വിദ്യാർത്ഥിയുടെ അവകാശമാണെന്നും തിരിച്ചറിയുന്നിടത്ത് മാത്രമേ യഥാർത്ഥ വിദ്യാഭ്യാസം യാഥാർത്ഥ്യമായി തീരൂ. അതിനുള്ള സാമൂഹിക സാഹചര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും ഒരുക്കുന്ന ഇടങ്ങളായി ക്യാമ്പസുകൾ മാറട്ടെ എന്ന് ആശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കാലാവസ്ഥാ വ്യതിയാനം, മലിനീകരണം, വന നശീകരണം എന്നിവയ്ക്കെതിരെ പ്രവർത്തിക്കാനും ഭൂമിയെ സംരക്ഷിക്കാനും മനുഷ്യരെ ഓർമ്മിപ്പിക്കുന്ന ഒരു ഭൗമദിനം (earth day) കൂടെ കഴിഞ്ഞു പോയി. ഈ നാളുകളിൽ വെന്തുരുകയാണ് കേരളവും മറ്റ് ഉഷ്ണമേഖല പ്രദേശങ്ങളും. കഠിന ചൂടിന്റെ പ്രതിഫലനങ്ങൾ നമ്മുടെ ജീവിത ക്രമത്തെ താളം തെറ്റിക്കുന്നു. ആഗോള താപനിലയുടെ സകല റെക്കോർഡുകളും തകർത്തെറിഞ്ഞു കൊണ്ടുള്ള കാലഘട്ടത്തിലൂടെയാണ് കേരളവും ഇന്ത്യയിലെ മറ്റ് പല പ്രദേശങ്ങളും കടന്നുപോകുന്നത്. കാലാവസ്ഥാ വ്യതിയാനം എന്നത് പരിസ്ഥിതി ശാസ്ത്രജ്ഞരുടെ മാത്രം ചർച്ചാവിഷയമല്ലെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ദശലക്ഷക്കണക്കിന് തൊഴിലാളികളുടെ ദൈനംദിന ജീവിതത്തെയും വരുമാനത്തെയും ബാധിക്കുന്ന കടുത്ത സാമ്പത്തിക – ആരോഗ്യ പ്രതിസന്ധിയായതിനാലും പ്രത്യേകിച്ച്, ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യത്ത്, പുറംജോലികളിൽ ഏർപ്പെട്ടിരിക്കുന്ന അസംഘടിത തൊഴിലാളികളാണ് ഈ താപതരംഗങ്ങളുടെ നേരിട്ടുള്ള ഇരകൾ എന്നതുകൊണ്ടും ഈ പ്രതിസന്ധി ഏറ്റവും ഗൗരവത്തോടെ വിശകലനം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. കടുത്ത വേനൽ ചൂട് മനുഷ്യരുടെ ശാരീരിക തളർച്ചയിലേക്കും ഉൽപ്പാദനക്ഷമതയുടെ ഇടിവിലേക്കും നയിക്കുന്നു. ഈ സാഹചര്യം നാം ഏറ്റവും ഗൗരവമായി കാണണം.

ചൂടിൽ നിന്ന് തണുപ്പ് തേടി ഭവനങ്ങളിലും ഭവനാങ്കണത്തിലും പ്രത്യക്ഷപ്പെടുന്ന പാമ്പുകൾ നമ്മെ ഏറെ ഭയപ്പെടുത്തുന്നു. അൽജോ, അനോഷ് എന്നീ സഹോദരന്മാർക്ക് ഉറക്കത്തിൽ പാമ്പ്കടിയേറ്റത് ഏറെ ചർച്ചാവിഷയം ആകുന്നുവല്ലോ. ഒപ്പം ചൂടിന്റെ കാഠിന്യത്തിൽ തൃശ്ശൂർ പൂരത്തിന് തിരുവമ്പാടി വിഭാഗത്തിന് വേണ്ടി വെടിക്കെട്ടു സാമഗ്രികൾ നിർമിച്ചിരുന്ന മുണ്ടത്തിക്കോട്ടെ വെടിക്കെട്ട്പുര കത്തിനശിച്ച് 14 ജീവൻ നഷ്ടമായി. പൊള്ളലേറ്റ 11 പേർ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലുമാണ്. അപകടത്തിൽപെട്ടവർ എല്ലാവരും തന്നെ ഉപജീവനത്തിനുവേണ്ടി അപകടകരമായ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സാധാരണക്കാരും ദരിദ്രവിഭാഗങ്ങളിൽ പെട്ടവരുമാണ്. ഈ സംഭവങ്ങളിൽ മരിച്ച എല്ലാവരുടെയും കുടുംബാംഗങ്ങളോട് അഗാധ ദുഃഖം രേഖപ്പെടുത്തുന്നു.

നല്ല റോഡുകൾ നമ്മുടെ അവകാശമാണ്. എന്നാൽ അതോടൊപ്പം വാഹനങ്ങൾ സൂക്ഷിച്ച് കൈകാര്യം ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. കേരളത്തിലെ പ്രധാന റോഡുകളിൽ ഈ അടുത്ത കാലഘട്ടത്തുണ്ടാകുന്ന അപകടങ്ങളിൽ അനേകർ മരിക്കുന്നു എന്നത് ഏറെ വേദനയുളവാക്കുന്നു. ഈ അടുത്തദിവസമാണല്ലോ തമിഴ്നാട്ടിലെ വാൽപ്പാറയിലേക്ക് വിനോദയാത്ര പോയ സ്കൂൾ കുട്ടികളും അധ്യാപകരും അടങ്ങുന്ന സംഘം അപകടത്തിൽപ്പെട്ടു മരിച്ചത്. കേരളത്തിലെ റോഡുകൾ താരതമ്യേന നന്നായി പണിയുന്ന ഈ കാലഘട്ടത്തിലാണ് അപകടങ്ങൾ വർദ്ധിക്കുന്നത് എന്നത് സൂക്ഷ്മതക്കുറവാണു അപകട കാരണങ്ങൾ എന്ന് വെളിവാക്കുന്നു. നല്ല റോഡുകളോടൊപ്പം നല്ല ഡ്രൈവിംഗ് ശീലവും ഏറെ ആവശ്യമെന്ന് നാം തിരിച്ചറിയുകയും പാലിക്കുകയും വേണം. ഒപ്പം റോഡുകളുടെ സുരക്ഷ ഒരു പ്രധാന അജണ്ടയായി സർക്കാർ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. റോഡപകടങ്ങളിൽ മരിച്ച വ്യക്തികളെ ഓർത്ത് ദുഃഖിക്കുന്ന എല്ലാ കുടുംബാംഗങ്ങളോടും അപകടത്തിന്റെ അനന്തരഫലമായി കഷ്ടപ്പെടുന്ന എല്ലാ വ്യക്തികളോടും മാർത്തോമ്മാ സഭയ്ക്കുള്ള ദുഃഖം അറിയിക്കുന്നു.

അഭയം പദ്ധതിയിലൂടെ ഭൂ-ഭവന രഹിതരായ 150 പേർക്ക് കിടപ്പാടം ഒരുക്കി കരുതലിന്റെ മാതൃകയാകുവാൻ മലങ്കര മാർത്തോമ്മാ സുറിയാനി സഭ

യ്ക്ക് സാധിച്ചു. മെത്രാപ്പോലീത്തായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ ഭാഗമായാണ് സഭ ഈ നിശബ്ദ വിപ്ലവത്തിന് സാക്ഷിയായത്. തിരുവനന്തപുരം തമിഴ്നാട് അതിർത്തി ഗ്രാമങ്ങൾ മുതൽ എറണാകുളം, ഹൈറേഞ്ച്, മധ്യ തിരുവിതാംകൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ജാതി മത ഭേദമെന്യേ നിർദ്ധന ജനങ്ങൾക്ക് പദ്ധതി ആശ്വാസമായി. ഭൂരഹിതർക്ക് ഭവനം ഒരുക്കാൻ 13 കുടുംബങ്ങൾ ഏഴ് ഏക്കറോളം ഭൂമി സൗജന്യമായി നൽകിയതോടെ പദ്ധതി കൂടുതൽ ജനകീയമായി. 75 വീടുകളായിരുന്നു ആദ്യ ലക്ഷ്യമെങ്കിലും ജനകീയ പിന്തുണയിൽ 150 വീടുകൾ യാഥാർഥ്യമായി. അഭയം പദ്ധതിയുടെ സമാപന സമ്മേളനം ഏപ്രിൽ 27ന് തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. പദ്ധതി ചെയർമാൻ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ, സഭയുടെ ഔദ്യോഗിക ഭാരവാഹികൾ, വികാരി ജനറൽ അച്ചന്മാർ, പദ്ധതി കോർഡിനേറ്റർ റവ. വി. എസ്. സ്കറിയ, എഞ്ചിനീയറിംഗ് സംഘം എന്നിവരോടുള്ള നന്ദി അറിയിക്കുന്നു. സഭയുടെ ഭവന നിർമ്മാണ പദ്ധതി ഇനി മുതൽ മെട്രോപ്പൊലീറ്റൻ ഫണ്ട് കമ്മിറ്റിയിലൂടെ തുടരുന്നതാണ്.

ഭാരത ക്രൈസ്തവ സഭകളുടെ പൊതു പൈതൃകത്തിന്റെ പ്രതീകമായ നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിന്റെയും സെന്റ് തോമസ് എക്യുമെനിക്കൽ ദേവാലയത്തിന്റെയും ആഭിമുഖ്യത്തിൽ നസ്രാണി സംഗമവും റൂബി ജൂബിലി സുവനീർ പ്രകാശനവും മൈലപ്ര തിരുഹൃദയ മലങ്കര കത്തോലിക്കാ പാരീഷ് ഹാളിൽ ഏപ്രിൽ 12 ന് നടന്നു. സങ്കീർണ്ണതകൾ നിറയുന്ന വർത്തമാന കാലത്ത് സഭകൾ ഒരുമിച്ചുള്ള ദൗത്യ നിർവഹണത്തിന് പ്രസക്തിയേറെയുണ്ട്. നിലയ്ക്കൽ ട്രസ്റ്റിന്റെ റൂബി ജൂബിലി പരിപാടികളിൽ മാർത്തോമ്മാ സഭാംഗങ്ങളുടെ സഹകരണം വളരെ പ്രോത്സാഹന ജനകമായിരുന്നു. സഹകരിക്കുകയും നേതൃത്വം നല്കുകയും ചെയ്ത എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. തുടർന്നും ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ചൈതന്യവത്തായി തുടരുവാൻ എല്ലാവർക്കും ഒരുമിച്ച് പ്രവർത്തിക്കാം.

അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ നാമധേയത്തിലുള്ള 5–ാമത് സ്മാരക പ്രഭാഷണം മെയ് മാസം 9–ാം തീയതി വൈകിട്ട് 4 മണിക്ക് തിരുവനന്തപുരം പാറ്റൂർ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടത്തുവാൻ ക്രമീകരണം ചെയ്യുന്നു. ലത്തീൻ കത്തോലിക്കാ സഭയുടെ തിരുവനന്തപുരം അതിരൂപതാ മെട്രോപ്പോലീറ്റൻ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ഡോ. തോമസ് ജെ. നെറ്റോ തിരുമേനി മുഖ്യ പ്രഭാഷണം നിർവ്വഹിക്കുന്നതാണ്. ഇത്തരത്തിലുള്ള സ്മാരക പ്രഭാഷണങ്ങളിലൂടെ തിരുമേനിയെ അനുസ്മരിക്കുന്നതിനും തിരുമേനിയോടുള്ള ആദരവറിയിക്കുന്നതിനും ഒപ്പം തിരുമേനിയിലൂടെ സാധ്യമായ നല്ല മാതൃകകളെ വരും തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനുള്ള അവസരം കൂടിയാണ്. പരമാവധി ആളുകൾ ഈ അനുസ്മരണ സമ്മേളനത്തിൽ വന്ന് സംബന്ധിക്കണമെന്ന് അറിയിക്കുന്നു.

ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ഓക്സിലിയറിയുടെ സപ്തതി ജൂബിലിയോടനുബന്ധിച്ച് ക്രമീകരിച്ച ക്രൈസ്തവ സഭാദ്ധ്യക്ഷന്മാരുടെ സംഗമം മാർത്തോമ്മാ സഭയുടെ ആതിഥേയത്വത്തിൽ മാർത്തോമ്മാ സഭാ കൗൺസിൽ ചേംബറിൽ ഏപ്രിൽ 28 ന് നടത്തി. ബൈബിൾ സൊസൈറ്റിയുടെ ഗതകാല അനുഭവങ്ങളെ അഭിമാനപൂർവം സ്മരിക്കുന്നതിനും; ദൈവത്തിന്റെ അനന്തമായ വിശ്വസ്തതയെ സ്തുതിക്കുന്നതിനും, ദൈവവചനത്തിന്റെ ശുശ്രൂഷയിൽ നമ്മുടെ ഒരുമിച്ചുള്ള പ്രതിബദ്ധതയെ പുതുക്കുന്നതിനുമുള്ള അവസരം കൂടിയായിരുന്നു ഈ നേതൃസംഗമം.

മണിപ്പൂരിൽ നിന്നും നിക്കോൾസൺ സിറിയൻ ഗേൾസ് ഹൈസ്ക്കൂളിൽ കൊണ്ടുവന്നു പഠന സൗകര്യമൊരുക്കികൊടുത്ത 30 വിദ്യാർത്ഥിനികളിൽ 11 പേർ 2026 ൽ സി. ബി. എസ്. സി 10–ാം ക്ലാസ്സ് പരീക്ഷ എഴുതി. അവരെല്ലാവരും ഉന്നത നിലവാരത്തിൽ പാസ്സാകുകയും സ്കൂൾ 100% വിജയം കൈവരിക്കുകയും ചെയ്തു. അഭിനന്ദനങ്ങൾ അറിയിക്കുന്നു. അടുത്ത അദ്ധ്യയന വർഷത്തിൽ ഏതാനും വിദ്യാർത്ഥിനികളെ കൂടി മണിപ്പൂരിൽ നിന്നും നിക്കോൾസണിലേക്ക് കൊണ്ടുവരുവാനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചിരിക്കുന്നു. സുമനസ്സുകളുടെ സഹകരണത്തിന് പ്രത്യേകം നന്ദി അറിയിക്കുന്നു.

മേയ് മാസം 1–ാം തീയതി മുതൽ പട്ടക്കാരുടെ സ്ഥലമാറ്റം നിലവിൽ വരുന്നു. സഭ നിയോഗിക്കുന്നതനുസരിച്ചു അതാതു മേഖലകളിൽ പ്രവർത്തനനിരതരാകുന്ന പട്ടക്കാരെ കരുതുകയും കൈത്താങ്ങൽ നൽകുകയും ചെയ്യുന്ന ഒരു പാരമ്പര്യമാണ് നമുക്കുള്ളത്. പുതിയ സ്ഥലങ്ങളിലെ സാധ്യതകളെ ഉപയോഗപ്പെടുത്തി ജനങ്ങളോടൊപ്പം അവരുടെ സുഖ ദുഃഖങ്ങളിലെ പങ്കാളികളാകുവാൻ പട്ടക്കാർക്കു കഴിയട്ടെ എന്നാശംസിക്കുന്നു. സഭയുടെ സീനിയർ വികാരി ജനറലായി ശുശ്രൂഷ നിർവ്വഹിക്കുന്ന വന്ദ്യദിവ്യശ്രീ മാത്യു ജോൺ കശ്ശീശ ഏപ്രിൽ 30 ന് സജീവ സേവനത്തിൽ നിന്നും വിരമിക്കുന്നു. അച്ചന്റെ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഈ വർഷം സജീവ സേവനത്തിൽ നിന്നും വിരമിക്കുന്ന എല്ലാ പട്ടക്കാരോടും സഭയുടെ പേരിലുള്ള നന്ദി അറിയിക്കുന്നു.

മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫറൻസിന്റെ 114–ാമത് സമ്മേളനം മെയ് 6 മുതൽ 9 വരെ തിരുവനന്തപുരം മുക്കോലയ്ക്കൽ സെന്റ് തോമസ് നഗറിൽ, തിരുവനന്തപുരം സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു. കേരളത്തിൽ ഉന്നതവിദ്യാ

ഭ്യാസ രംഗത്ത് വിദ്യാർത്ഥികൾ പൊതുവെ കുറയുന്ന വർത്തമാനകാല സാഹചര്യത്തിൽ ലഭ്യമായ കുഞ്ഞുങ്ങൾക്ക് ശരിയായ ദിശാബോധം നല്കുന്നതിനും, ക്രിസ്തീയ കാര്യവിചാരകത്വത്തിൽ നിലനിർത്തുന്നതിനും, ആത്മീയ പരിപോഷണം നല്കുന്നതിനുമുള്ള പരിശ്രമങ്ങളെ നാം ലാഘവത്തോടെ കാണരുത്. എല്ലാ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കും ഇതിൽ പങ്ക് ചേരാവുന്നതാണ്. 114-ാമത് സ്റ്റുഡന്റ്സ് കോൺഫറൻസിന് എല്ലാ അനുഗ്രഹാശംസകളും അറിയിക്കുന്നു.

മേയ് മാസത്തിൽ സഭ സ്വർഗ്ഗാരോഹണ പെരുനാളും പെന്തക്കോസ്ത് പെരുനാളും ആചരിക്കുന്നു. ഉയിർപ്പിന് ശേഷം 40-ാം ദിവസമാണ് സ്വർഗ്ഗാരോഹണ പെരുന്നാൾ കൊണ്ടാടുന്നത്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യന്മാർ കാൺകെ ആരോഹണം ചെയ്തു എന്നും, ഒരു മേഘം അവനെ മൂടിയിട്ട് അവൻ അവരുടെ കാഴ്ചയ്ക്ക് മറഞ്ഞു എന്നും അ. പ്ര. 1 ന്റെ 9 ൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്വർഗ്ഗത്തിലേക്ക് കരേറിയവനായ ഈ യേശു തന്നെ മഹത്വത്തോടെകൂടെ വരുമെന്നും സഭ വിശ്വസിക്കുകയും അതിനായി കാത്തിരിക്കുകയും ചെയ്യുന്നു. സ്വർഗ്ഗാരോഹണത്തെ തുടർന്ന് 10-ാം നാളാണ് പെന്തക്കോസ്ത് പെരുനാൾ. കർത്തൃശരീരമാകുന്ന സഭയ്ക്ക് പരിശുദ്ധാത്മാവിനെ ദാനമായി നല്കിയതിനെ അനുസ്മരിക്കുന്ന ദിവസമാണ് പെന്തക്കോസ്ത് നാൾ. ശ്ലീഹന്മാരിലെന്നപോലെ എല്ലായിപ്പോഴും പരിശുദ്ധാത്മാവ് നമ്മിൽ നിറയുന്നതിനും ജീവൻ നല്കുന്ന ആത്മാവിന്റെ ദിവ്യവ്യാപാരം നമ്മുടെ വിചാരങ്ങളിലും വചനങ്ങളിലും നടപടികളിലും കാണപ്പെടുന്നതിനും ഈ പെരുനാളുകളുടെ ആഘോഷങ്ങളിലൂടെ സാധ്യമാകട്ടെയെന്ന് ആഗ്രഹിക്കാം.

മെയ് 3 ഞായറാഴ്ച 'ക്രിസ്തുവിനോടൊപ്പം ഉള്ള തീഷ്ണ സ്നേഹ സഞ്ചാരം' എന്ന വിഷയമാണ് ധ്യാനിക്കുന്നത്. നിത്യസ്നേഹത്താൽ നമ്മെ സ്നേഹിച്ച്, തന്റെ ദയ നമ്മോട് ദീർഘമാക്കിയിരിക്കുന്ന ദൈവം നമ്മുടെ സ്നേഹ സമർപ്പണത്തെ പരിശോധിക്കുന്നുണ്ട്. തിബര്യാസ് കടൽത്തീരത്ത് ഉയർത്തെഴുന്നേറ്റ കർത്താവ് പത്രോസ് ശ്ലീഹായോട് തന്നെ സ്നേഹിക്കുന്നുണ്ടോ എന്ന് മൂന്ന് പ്രാവശ്യം ചോദിച്ച സന്ദർഭമാണ് എവൻഗേലിയോൻ വിശദീകരിക്കുന്നത്. ക്രിസ്തുവിനോടുള്ള സ്നേഹം അറിയിക്കുന്നത്, ആലയിൽ ഉൾപ്പെട്ടിട്ടുള്ളതും ഇനിയും ഉൾപ്പെടാൻ ഉള്ളവയുമായ ക്രിസ്തുവിന്റെ ആട്ടിൻകൂട്ടത്തെ പരിപാലിക്കുന്നതിലൂടെയാണ്. ദൈവം അതിന് നമ്മെ സഹായിക്കട്ടെ.

മെയ് 10 ഞായറാഴ്ച ഉത്ഥിതനായ കർത്താവ് നൽകിത്തരുന്ന അനന്തമായ സാന്നിധ്യത്തിന്റെ ഉറപ്പിനെ കുറിച്ചാണ് സഭ ധ്യാനിക്കുന്നത്. യെരുശലേമിലും യഹൂദിയായിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും സാക്ഷികൾ ആകുന്നതിന് തന്റെ ശിഷ്യരെ നിയോഗിച്ച കർത്താവ് നൽകിയ വാഗ്ദത്തം ലോകാവസാനത്തോളം കൂടെയിരിക്കാം എന്നുള്ളതാണ്. വിശ്വാസയാത്രയിൽ അവനോടൊപ്പം സഞ്ചരിക്കുന്നവർക്ക് പ്രത്യാശയും ബലവും ക്രിസ്തുസാന്നിദ്ധ്യം നൽകുന്നു. കർത്താവ് തുണയായി ഉള്ളതിനാൽ ഭയരഹിതരായി സ്നേഹ സഞ്ചാരം നടത്തുവാനും സമൂഹങ്ങളെ ശിഷ്യത്വത്തിലേക്ക് നടത്തുവാനും സഭ വിളിക്കപ്പെട്ടിരിക്കുന്നു.

മെയ് പതിനേഴാം തീയതി ഞായറാഴ്ച 'പരിശുദ്ധാത്മാവ്, സകലത്തെയും ജീവിപ്പിക്കുന്ന കർത്താവ്' എന്ന വിഷയമാണ് സഭ ധ്യാനിക്കുന്നത്. ലോകത്തിന് കാണുവാനോ അറിയുവാനോ കഴിയാത്ത പരിശുദ്ധാത്മാവിനെ സഭാ മക്കൾക്ക് ദൈവം അയച്ചു കൊടുക്കും എന്ന വാഗ്ദത്തമാണ് കർത്താവ് നൽകിയത്. പരിചയം കൊണ്ടും മുൻവിധികൾ കൊണ്ടും പാപം കൊണ്ടും കഠിനമായി പോകുന്ന ഹൃദയങ്ങളെ മാറ്റി പുതിയ ഹൃദയം നൽകുന്നതിനാൽ ദൈവബന്ധത്തിൽ കാഴ്ചപ്പാടുകൾ പുതുക്കുവാൻ ദൈവം സഹായിക്കും. പരിശുദ്ധാത്മ അനുഭവത്തിലൂടെ ആണ് വിശ്വാസത്തിന്റെ സ്നേഹ സഞ്ചാരം നടത്തുവാൻ കഴിയുന്നത് എന്ന് നാം അറിയേണ്ടതുണ്ട്.

മെയ് 24-ാം തീയതി ഞായറാഴ്ച സഭ പെന്തക്കോസ്ത് പെരുന്നാൾ ആചരിക്കുകയാണ്. പരിശുദ്ധാത്മാവ് തങ്ങളുടെ മേൽ വരുവോളം യെരുശലേമിൽ കാത്തിരിക്കുവാനാണ് കർത്താവ് അവരോട് പറഞ്ഞിരുന്നത്. പിതാവാം ദൈവം ലോകത്തെ സ്നേഹിച്ചതിന്റെ അടയാളമായാണ് പുത്രനെ ലോകത്തിലേക്ക് അയച്ചത്. അതേ ഭാവത്തിലും അർത്ഥ തലത്തിലും ആണ് പരിശുദ്ധാത്മ കൃപയിൽ ശിഷ്യർ പുറപ്പെട്ട് പോകേണ്ടത്. ശക്തീകരിക്കുന്നവനും ശുദ്ധീകരിക്കുന്നവനും സംവേദനം നടത്തുന്നവനുമായ പരിശുദ്ധാത്മാവിന്റെ സാന്നിധ്യം വർദ്ധിതമായി അനുഭവിക്കുന്നതിന് ദൈവം കൃപ ചെയ്യുമാറാകട്ടെ.

മെയ് 31-ാം തീയതി ഞായറാഴ്ച സഭ ത്രിത്വ ഞായർ ആചരിക്കുകയാണ്. സഭയുടെ അടിസ്ഥാന വിശ്വാസമാണ് ത്രിത്വ ഉപദേശം. ത്രിത്വ രഹസ്യത്തെ മനുഷ്യ ബുദ്ധികൊണ്ട് വിശകലനം ചെയ്യുവാനോ വിശദീകരിക്കുവാനോ കഴിയുകയില്ല. എന്നാൽ വിശ്വാസത്തിൽ അത് സ്വാംശീകരിക്കപ്പെടുകയാണ്. ബന്ധങ്ങളുടെ ഏറ്റവും ശ്രേഷ്ഠമായ സ്നേഹസഞ്ചാരമാണ് പരിശുദ്ധ ത്രിത്വത്തിൽ നാം കണ്ടെത്തുന്നത്. പരിശുദ്ധാത്മാവിലൂടെപിതാവിനെയും പുത്രനെയും അനുഭവിച്ചറിയുവാൻ നമുക്ക് കൃപ നൽകപ്പെട്ടിരിക്കുന്നു. ത്രിത്വ ഞായറാഴ്ചയുടെ ആചരണം വിശ്വാസ ജീവിതത്തിൽ നമ്മെ ബലപ്പെടുത്തുമാറാകട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

പുലാത്തീൻ
28.04.2026

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**